# 'തെങ്ങിന്റെ ചങ്ങാതിയാകൂ വരുമാനം നേടൂ' രണ്ടാംഘട്ട പരിശീലനം തുടരുന്നു

കൊച്ചി: യന്ത്രവൽക്കൃത തെങ്ങുകയറ്റത്തിന് പുത്തൻ മാനം നൽകിയ ചങ്ങാതിക്കൂട്ടത്തിന്റെ രണ്ടാംഘട്ട പരിശീലനപദ്ധതി വിജയകരമായി തുടരുന്നു.

സ്ഥിരവരുമാനം ആഗ്രഹിക്കുന്ന 18നും 40നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിന് ക്ഷണിക്കുന്നത്. അപേക്ഷകർ കുറഞ്ഞത് ഏഴാംക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ 20 പേർക്കുവീതം ആറുദിവസത്തെ സൗജന്യ പരിശീലനമാണ് നാളികേര വികസന ബോർഡ് ഒരുക്കിയിരിക്കുന്നത്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5000 പേർക്കാണ് ഈ വർഷം പരിശീലനം നൽകുക. തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശ്, ഗോവ, ലക്ഷദ്വീപ്, അൻഡമാൻ എന്നിവിടങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്ന 5000 പേർക്ക് പരിശീലനം നൽകും.

പരിശീലനം നേടിയവർക്ക് ദിവസം കുറഞ്ഞത് 500 മുതൽ 1500 വരെ വരുമാനം ലഭിക്കുന്നുണ്ട്. സംസ്ഥാനമെമ്പാടും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോൽപ്പാദക സംഘങ്ങൾക്ക് കുറഞ്ഞത് അഞ്ച് ചങ്ങാതിമാരെ പരിശീലനത്തിലേക്കു തെരഞ്ഞെടുത്തയക്കാം.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പൻഡും സൗജന്യമായി തെങ്ങുകയറ്റയന്ത്രവും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ടുവീലർ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വായ്പാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ ചങ്ങാതിമാർക്കു വാഹനവായ്പക്കുവേണ്ട അപേക്ഷാഫോറം ഓൺലൈനിൽ ലഭ്യമാണ്. വായ്പ ആവശ്യമുള്ളവർ അപേക്ഷഫോറം പൂരിപ്പിച്ച് കൃഷി ഓഫീസറുടെയോ അല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയുടെയോ സാക്ഷ്യപത്രത്തോടുകൂടി ബോർഡിൽ സമർപ്പിക്കണം.

ചങ്ങാതിക്കൂട്ടത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്ന തെക്കൻ ജില്ലയിൽനിന്നുള്ളവർ കോ-ഓർഡിനേറ്റിങ് ഓഫീസർ മിനി മാത്യുവിനെയും വടക്കൻ ജില്ലകളിൽനിന്നുള്ളവർ കോ-ഓർഡിനേറ്റിങ് ഓഫീസർ വി കെ ചന്ദ്രശേഖരനെയും ബന്ധപ്പെടണം. ഫോൺ:

മിനി മാത്യു: 9447665105, വി കെ ചന്ദ്രശേഖരൻ: 9846635765.